(ബി) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര ദന്തഡോക്ടർ തസ്തികകളാണ് നിലവിലുള്ളത് ;

(സി) ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ദന്തരോഗചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി പുതിയ ദന്തഡോക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചുവോ; പ്രസ്തുത പ്രൊപ്പോസലിന് എപ്പോഴേക്ക് അംഗീകാരം നൽകാൻ കഴിയും; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആരോഗ്യവകുപ്പിന്റെ കീഴിൽ 111 ദന്തൽ സർജന്മാരുടെയും 1 ഡെപ്യൂട്ടി ഡയറക്ടർ (ദന്തൽ) തസ്തികയും നിലവിലുണ്ട്.

(സി) ദന്തൽ യൂണിറ്റ് ഇല്ലാത്ത 24 താലൂക്ക് ആശുപത്രികളും 24 ദന്തൽ സർജന്റെയും 24 ദന്തൽ ഹൈജീനിസ്റ്റിന്റേയും തസ്തികകൾ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് പിന്നിലെ തട്ടിപ്പ്

71 (4874) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് ചില സ്വകാര്യ ആശുപത്രികൾ കൊള്ളവില ഈടാക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൻ റാക്കറ്റുകളാണ് സ്റ്റെന്റ് തട്ടിപ്പിന് പിന്നിൽ പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ പ്രവർത്തനം നിരോധിക്കാനും ഇവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് അർഹമായ ശിക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗുണനിലവാരം കുറഞ്ഞ ചൈനീസ് സ്റ്റെന്റുകളും സ്വകാര്യ ആശുപത്രികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യങ്ങളെല്ലാം നിരോധിക്കുന്നതിനായി പുതുതായി നിയമസഭയിൽ അവതരിപ്പിക്കുമെന്ന് പറയപ്പെടുന്ന മെഡിക്കൽ ബില്ലിൽ ആവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർഡിയാക് സ്റ്റെന്റുകൾക്ക് അമിത വില ഈടാക്കുന്നത് സംബന്ധിച്ച് ഒരു സ്വകാര്യ ആശുപത്രിക്ക് എതിരെയുള്ള പരാതി ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഇന്റലിജൻസ് വിഭാഗം മേധാവി പ്രസ്തുത സ്ഥാപനം പരിശോധിക്കുകയും ടി പരിശോധനാ റിപ്പോർട്ട് ചില ശിപാർശകൾ സഹിതം സർക്കാരിന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റുകളെ നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻസ് 2011-ൽ ഉൾപ്പെടുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ്, കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനുള്ള പരമാധികാരം നിക്ഷിപ്തമായിട്ടുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയോട് ശിപാർശ ചെയ്തിരുന്നു. ആയത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ പരിഗണനയിലാണെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

108 ആംബുലൻസ്

72 (4875) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ-കുടുംബക്ഷേമവകുപ്പിന്റെ മുൻനിര പദ്ധതിയിലൊന്നായി മിഷൻ 676 പ്രകാരം പ്രഖ്യാപിച്ചിരുന്ന 108 ആംബുലൻസ് സംസ്ഥാന വ്യാപകമാക്കാനുള്ള പദ്ധതി എന്നത്തേക്കാണ് നടപ്പിലാക്കേണ്ടിയിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly